ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

കറന്റ് ചാർജ്ജ് നിശ്ചയിക്കാനുള്ള റഗുലേറ്ററി കമ്മിഷൻ

89 (1756) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറന്റ് ചാർജ്ജ് നിശ്ചയിക്കാനുള്ള അധികാരം നൽകിക്കൊണ്ടുള്ള റഗുലേറ്ററി കമ്മീഷൻ സംസ്ഥാനത്ത് എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ചുള്ള നിയമ നിർമ്മാണ നടപടികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

90 (1757) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവരിൽ നിന്ന് സംഖ്യ ഈടാക്കുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ചേർപ്പ് മേജർ സെക്ഷന് കീഴിൽ വരുന്ന ഉപഭോക്താക്കൾ എത്ര ; ഇവരുടെ കുടിശ്ശിക സംഖ്യ എത്ര ;

(സി) ചേർപ്പ് മേജർ സെക്ഷനിൽ കുടിശ്ശിക ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംഖ്യ അടച്ചില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുമെന്ന് മൈക്ക് പ്രചരണം നടത്തിയിട്ടുണ്ടോ ; ഇതിൻപ്രകാരം എത്ര പേരുടെ കണക്ഷൻ വിച്ഛേദിച്ചു എന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫിസിക്കൽ ഡിസ്കണക്ഷൻ നടത്തുക, കുടിശ്ശിക നോട്ടീസ് അയയ്ക്കുക, ഡിസ്മാന്റിലിംഗ് നടത്തുക, റവന്യൂ റിക്കവറി നടപടികൾ തുടങ്ങുക മുതലായവയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ.

(ബി) 18,581 ഉപഭോക്താക്കൾ. കുടിശ്ശിക സംഖ്യ 3,28,403 രൂപ വരും.

(സി) മൈക്ക് പ്രചാരണം, കുടിശ്ശിക നോട്ടീസ് അയയ്ക്കുക, ഡിസ്കണക്ഷൻ എന്നീ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 256 പേരുടെ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട്.

കെ. എസ്. ഇ. ബി. യ്ക്ക് ബഡ്ജറ്റ് പ്രൊവിഷനായി നൽകിയിട്ടുള്ള തുക

91 (1758) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഫെബ്രുവരി 15 വരെ സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് കെ. എസ്. ഇ. ബി. ക്ക് ബഡ്ജറ്റ് പ്രൊവിഷനായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന സർക്കാർ 2000 ഫെബ്രുവരി 15 വരെ എത്ര കോടി രൂപയാണ് കെ. എസ്. ഇ. ബി. ക്ക് വായ്പയായി നൽകിയിട്ടുള്ളത് ;

(സി) ഇതിന് പലിശയിനത്തിൽ എത്രകോടി രൂപയാണ് കെ. എസ്. ഇ. ബി. സർക്കാരിന് നൽകുന്നത്;

(ഡി) ഈ ഇനത്തിൽ എന്തു തുകയാണ് കുടിശ്ശികയായിട്ടുള്ളത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ. എസ്. ഇ. ബി. യ്ക്ക് നൽകിയിട്ടുള്ള വായ്പയും അതിന്റെ പലിശയും ഇക്വിറ്റിയായി മാറ്റിയിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപ ഈ ഇനത്തിൽ മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ. എസ്. ഇ. ബി. യുടെ പദ്ധതികൾ നടപ്പാക്കുന്നതിനായി ബോർഡുതന്നെ ബോർഡിന്റെ ബഡ്ജറ്റിൽ തുക വകയിരുത്തുകയാണ് പതിവ്. ഇതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി നൽകാറില്ല. എന്നാൽ ഓരോ വർഷത്തേയും സംസ്ഥാന ബഡ്ജറ്റിൽ കെ. എസ്. ഇ. ബി. യ്ക്ക് വായ്പയായി നൽകാനായി തുക വകയിരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly